# മൻ കീ ബാത്ത്

വാല്യം 1



# മൻ കീ ബാത്ത്

വാല്യം 1

**Published by**
Amar Chitra Katha Pvt. Ltd

**Edition I**

ISBN : 978-81-19242-29-0

©Amar Chitra Katha Pvt. Ltd, May 2023
All rights reserved. This book is sold subject to the condition that the publication may not be reproduced, stored in a retrieval system (including but not limited to computers, disks, external drives, electronic or digital devices, e-readers, websites), or transmitted in any form or by any means (including but not limited to cyclostyling, photocopying, docutech or other reprographic reproductions, mechanical, recording, electronic, digital versions) without the prior written permission of the publisher, nor be otherwise circulated in any form of binding or cover other than that in which it is published and without a similar condition being imposed on the subsequent purchaser.



# മൻ കീ ബാത്ത്

വാല്യം 1



# The Route to your Roots

When they look back at their formative years, many Indians nostalgically recall the vital part Amar Chitra Katha comics have played in their lives. It was **Amar Chitra Katha** that first gave them a glimpse of their glorious heritage.
Since they were introduced in 1967, there are now over **500 Amar Chitra Katha** titles to choose from. **Over 100 million copies** have been sold worldwide.
Now, Amar Chitra Katha titles are even more widely available in **1000+ bookstores all across India**. If you do not have access to a bookstore near you, you can also buy all the titles through our online store, **www.amarchitrakatha.com**. We provide quick delivery anywhere in the world. To make it easy for you to locate the titles of your choice from our treasure trove of titles, the books are now arranged in six categories.

**Epics and Mythology**
Best known stories from the Epics and the Puranas

**Indian Classics**
Enchanting tales from Indian literature

**Fables and Humour**
Evergreen folktales, legends and tales of wisdom and humour

**Bravehearts**
Stirring tales of brave men and women of India

**Visionaries**
Inspiring tales of thinkers, social reformers and nation builders

**Contemporary Classics**
The best of modern Indian literature

**Illustrations and Cover Art:** Dilip Kadam

**Production:** Amar Chitra Katha

AMAR CHITRA KATHA PVT. LTD

© Amar Chitra Katha Pvt. Ltd, April 2023
Facebook: The Amar Chitra Katha Studio | Instagram: @amarchitrakatha | Twitter: @ACKComics | YouTube: Amar Chitra Katha

Get access to Amar Chitra Katha's digital library on the **ACK Comics App**. Visit **digital.amarchitrakatha.com**

You can now get ACK stories as part of your classroom with **ACK Learn**,
a unique learning platform that brings these stories to your school with a range of workshops.
Find out more at **www.acklearn.com** or write to us at **acklearn@ack-media.com**.

2014 ഒക്ടോബർ 3-ന് പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി, വളരെ സവിശേഷമായ ഒരു കാര്യം ഭാരതത്തിലെ ജനങ്ങളെ അറിയിച്ചു.

എന്റെ പ്രിയപ്പെട്ട ഭാരതീയരേ, ഈ വിജയദശമി ഉത്സവസമയത്ത്, എന്റെ ഒരു ചിന്ത നിങ്ങളുമായി പങ്കുവെക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വരും നാളുകളിൽ, കുറഞ്ഞത് മാസത്തിൽ രണ്ടുതവണ, തുടർന്നും അങ്ങനെ ചെയ്യാൻ എനിക്ക് ആഗ്രഹമുണ്ട്.



സ്വാമി വിവേകാനന്ദൻ മിക്കപ്പോഴും പറയുമായിരുന്ന ഒരു കഥ ഞാൻ നിങ്ങളോടു പറയാം.

ഒരിക്കൽ ഒരു സിംഹി, തന്റെ രണ്ടു കുഞ്ഞുങ്ങളുമൊത്ത് നടക്കവേ, ഒരു കൂട്ടം ആടുകളെ കണ്ടു. അവൾ ആട്ടിൻകൂട്ടത്തെ വേട്ടയാടാൻ കുതിച്ചുചാടി. സിംഹക്കുട്ടികളിലൊരാൾ മാതാവിനൊപ്പം പാഞ്ഞെങ്കിലും മറ്റേയാൾ പിന്നിലായിപ്പോയി.

പിന്നിലായിപ്പോയ സിംഹക്കുട്ടിയെ കണ്ട ഒരു ആട്, അതിനെ തന്റെ കുഞ്ഞുങ്ങളോടൊപ്പം വളർത്തി. താൻ ഒരു ആട്ടിൻകുട്ടിയാണെന്നായിരുന്നു അത് വിചാരിച്ചിരുന്നത്. അത് അവരെപ്പോലെതന്നെ സംസാരിച്ചു, തീറ്റ തിന്നു, ഓടിക്കളിച്ചു, അവരെപ്പോലെതന്നെ പെരുമാറി.

ഏതാനും വർഷങ്ങൾക്കു ശേഷം, മാതാവിനോടൊപ്പം കഴിഞ്ഞിരുന്ന സിംഹക്കുട്ടി ആടുകളോടൊപ്പം കഴിഞ്ഞിരുന്ന തന്റെ സഹോദരനെ കാണാനിടയായി. അതിന് തന്റെ കണ്ണുകളെ വിശ്വസിക്കാനായില്ല, ഒരു സിംഹക്കുട്ടി ആടുകളോടൊപ്പം കഴിയുകയോ!

അവൻ ചോദിച്ചു, "നിനക്ക് എന്തുപറ്റി? നീ എന്താണ് അവരെപ്പോലെ സംസാരിക്കുകയും പെരുമാറുകയും ചെയ്യുന്നത്?"

മറ്റേ സിംഹം പറഞ്ഞു, "ഞാൻ അവരോടൊപ്പമാണു വളർന്നത്." അവൻ തുടർന്നു: "അവർ എന്നെ വളർത്തിയതുകൊണ്ടുതന്നെ എന്റെ ശീലങ്ങളും ഭാഷയും പെരുമാറ്റവും എല്ലാം അവരുടേതു പോലെതന്നെയാണ്."



"നീ എന്റെ കൂടെ വരൂ, നീ യഥാർഥത്തിൽ ആരാണെന്ന് ഞാൻ കാണിച്ചു തരാം," ആദ്യത്തെ സിംഹം പറഞ്ഞു.

അവൻ തന്റെ സഹോദരനെ ഒരു കിണറ്റിനരികെ കൊണ്ടുപോയിട്ട് ജലത്തിൽ അവരുടെ പ്രതിച്ഛായ കാണിച്ചുകൊടുത്തു.

"നോക്കൂ, നിന്റെ മുഖം എന്റേതുപോലെയല്ലേ? നീ ഒരു സിംഹമാണ്, ആട് അല്ല."

താൻ ഒരു ആടാണെന്നുതന്നെ വിചാരിച്ചിരുന്ന സിംഹം സ്തബ്ധനായിപ്പോയി. താൻ ഒരു സിഹമാണെന്ന് അവൻ തിരിച്ചറിഞ്ഞു. പുതിയൊരു ശക്തിയോടെ, ആത്മവിശ്വാസത്തോടെ, അവൻ തല പിന്നാക്കം തിരിച്ച് ഒരു യഥാർഥ സിംഹത്തെപ്പോലെ ഗർജിച്ചു.

ഈ രാജ്യത്തെ നിവാസികളായ നാമെല്ലാം നമ്മുടെ ആത്മാഭിമാനവും ആത്മവിശ്വാസവും പുനരാർജിക്കണം. നാം നമ്മുടെ ബലം തിരിച്ചറിയണം. അങ്ങനെ ചെയ്താൽ, നാം പുരോഗമനാത്മകവും സമ്പദ്സമൃദ്ധവും ആയ ഒരു രാഷ്ട്രമായിത്തീരും.


സഹമനുഷ്യരുടെയും സഹജീവികളുടെയും ജീവിതം സുഗമമാക്കാൻ വീരന്മാരെപ്പോലെ ശ്രമിച്ചുകൊണ്ടിരിക്കുന്ന, സാധാരണക്കാരിൽ സാധാരണക്കാരായ വീരനായകന്മാരുടെ കഥകൾ പ്രധാനമന്ത്രി വർഷങ്ങളായി ഉയർത്തിക്കാണിച്ചിട്ടുണ്ട്.
ഇന്ന്, കർണാടകയിലെ ദസന്നദോഡി ഗ്രാമത്തിലെ കാമെഗൗഡയെക്കുറിച്ച് ഞാൻ നിങ്ങളോടു പറയാം. ഉഗ്രമായ ചൂടുള്ള വേനൽക്കാലത്ത് മനുഷ്യർക്കും മൃഗങ്ങൾക്കും വെള്ളം കുടിക്കാൻ ആ ആട്ടിടയൻ 16 കുളങ്ങൾ സ്വയം നിർമിച്ചു.
സമൂഹത്തിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്ന പല കൂട്ടങ്ങളെയും കുറിച്ച് അദ്ദേഹം എടുത്തുപറഞ്ഞിട്ടുണ്ട്.
കഴിഞ്ഞ എട്ടു വർഷങ്ങളായി യൂത്ത് ഫോർ പരിവർത്തൻ* എന്ന സംഘടന ബംഗളൂരു നഗരം വൃത്തിയാക്കുന്നു, ഏകദേശം 350 പ്രദേശങ്ങൾ അവർ നവീകരിച്ചിട്ടുണ്ട്. ഇന്ന് ഓരോ ഞായറാഴ്ചയും ഏകദേശം 150 പേർ അവരോടൊപ്പം ചേർന്ന് നഗരം വൃത്തിയാക്കുന്നു. അവരുടെ മുദ്രാവാക്യം 'പരാതിപ്പെടുന്നതു നിർത്തൂ, പ്രവർത്തിക്കൂ എന്നതാണ്.'
സ്വാതന്ത്ര്യസമര സേനാനികൾ അനുഷ്ഠിച്ച ത്യാഗങ്ങളെക്കുറിച്ച് പ്രധാനമന്ത്രി അദ്ദേഹത്തിന്റെ ശ്രദ്ധേയമായ ശൈലിയിൽ ശ്രോതാക്കളെ ഓർമിപ്പിച്ചു.
സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട 75-ലധികം റെയിൽവേ സ്റ്റേഷനുകൾ ഉണ്ട്. നേതാജി സുഭാഷ് ചന്ദ്രബോസ് വേഷപ്രച്ഛന്നനായി ജർമനിയിലേക്കു രക്ഷപ്പെട്ട ഝാർഖണ്ഡിലെ ഗൊമോ ജംഗ്ഷൻ ആണ് അവയിലൊന്ന്. രാം പ്രസാദ് ബിസ്മിൽ, അഷ്ഫഖുള്ള ഖാൻ, ചന്ദ്രശേഖർ ആസാദ് തുടങ്ങിയ വിപ്ലവകാരികൾ ബ്രിട്ടീഷ് ട്രഷറിയിൽനിന്നു പണം കൊണ്ടുവന്ന ട്രെയിൻ കൊള്ളയടിച്ച ഉത്തർപ്രദേശിലെ കക്കോരി റെയിൽവേ സ്റ്റേഷനാണ് മറ്റൊന്ന്.
काकोरी
KAKORI
വളരെ ശ്രദ്ധേയമായ ഒരു എപ്പിസോഡിൽ, സൈന്യത്തിൽ വിശ്വസ്തമായി സേവനമനുഷ്ഠിച്ചിരുന്ന രണ്ടു നായ്ക്കളെ പ്രധാനമന്ത്രി പ്രകീർത്തിച്ചു.
സ്പെഷ്യൽ ഫ്രോന്റിയർ ഫോഴ്സിൽ പ്രവർത്തിച്ചിരുന്ന സോഫി
നോർത്തേൺ കമാന്റിൽനിന്നുള്ള വിദ
സോഫി, സ്ഫോടനവസ്തുക്കൾ ഉണ്ടാക്കാൻ ഉപയോഗിച്ചേക്കാമായിരുന്ന ചില വസ്തുക്കൾ മണത്തു കണ്ടുപിടിച്ചു. വിദ, അഞ്ചു മൈനുകളും ഒരു ഗ്രനേഡും കണ്ടെത്തി സൈനികരെ പരുക്കേൽക്കാതെ രക്ഷിച്ചു. നിങ്ങൾ ഒരു നായയെ വാങ്ങുകയാണെങ്കിൽ ഒരു ഇന്ത്യൻ നായയെ വാങ്ങുക. അവ വളരെ ബുദ്ധിസാമർഥ്യവും ശക്തിയും ഉള്ളവയാണ്, പോറ്റാൻ എളുപ്പവുമാണ്.
മൻ കീ ബാത്ത് നൂറ് എപ്പിസോഡുകൾ പൂർത്തിയാക്കിക്കഴിഞ്ഞു. ഒരുപാട് ആളുകൾ ഈ പരിപാടി കാണുകയും പ്രചോദിതരായിത്തീരുകയും ചെയ്യുന്നു.

*മാറ്റം

# സൂചിക


| | | |
|---|---|---|
| 1 | യോഗേഷ് സൈനി | 6 |
| 2 | ഇസ്മയിൽ ഖത്രി | 10 |
| 3 | രാജു | 13 |
| 4 | ഗോരങ് മീണ | 16 |
| 5 | പൊൻ മാരിയപ്പൻ | 19 |
| 6 | കൽമാനെ കാമെഗൗഡ | 21 |
| 7 | പ്രദീപ് സങ്വാൻ | 24 |
| 8 | കാമ്യ കാർത്തികേയൻ | 27 |
| 9 | അൻവി സൻസറുകിയ | 30 |

# യോഗേഷ് സൈനി


ക്ലാസ്സ് മുറിയിൽ എല്ലാവരും ആകാംക്ഷാഭരിതരായിരുന്നു–
ഇക്ബാൽ, അടുത്ത ക്ലാസ്സ് വളരെ പ്രത്യേകതയുള്ളതായിരിക്കുമെന്നാണ് നായർ സാർ പറഞ്ഞത്.
ശ്രേയസ്സ്, ഏതായാലും രസമുള്ള എന്തെങ്കിലുമായിരിക്കും. തവളച്ചാട്ടമോ ഖോഖോയോ...
ഇക്ബാലിന് പറഞ്ഞുതീർക്കാൻ കഴിയുന്നതിനു മുമ്പ് —
ഗുഡ്മോണിംഗ്, കുട്ടികളേ.
ഗുഡ്മോണിംഗ്, സാർ.
ശ്രേയസ്സ്: സാർ, ഇന്ന് നമ്മളെന്താണു ചെയ്യാൻ പോകുന്നത്?
ശ്രേയസ്സ്, നിന്നോടൊരു കാര്യം ചോദിക്കട്ടെ, മൻ കീ ബാത്ത് എന്നു കേട്ടിട്ടുണ്ടോ?
ഞാൻ കേട്ടിട്ടുണ്ട്, സാർ. നമ്മുടെ പ്രധാനമന്ത്രി നരേന്ദ്ര മോദി നമ്മളോടു സംസാരിക്കുകയും ഒരുപാടു കഥകൾ പറയുകയും ചെയ്യുന്ന പരിപാടിയാണത്.
മിടുക്കി! അദ്ദേഹം എന്തിനെ കുറിച്ചാണ് സംസാരിക്കുന്നത്?
അദ്ദേഹം ഭാരതത്തെക്കുറിച്ചും അത്ഭുതകരമായ കാര്യങ്ങൾ ചെയ്യുന്ന ഭാരതീയരെക്കുറിച്ചും ആണ് പറയുന്നത്.
ലക്ഷ്മി പറഞ്ഞത് വളരെ ശരിയാണ്.


അപ്പോൾ, അടുത്ത ഏതാനും ആഴ്ചകൾ ദിവസം ഒരു പീരിയഡ്, മൻ കീ ബാത്തിലെ കഥകൾക്കായി നമ്മൾ മാറ്റിവെക്കുകയാണ്, മാറ്റങ്ങൾ കൊണ്ടുവരുന്ന ആളുകളെ കുറിച്ചുള്ള കഥകൾക്കുവേണ്ടി. നമ്മൾ ആദ്യം സംസാരിക്കാൻ പോകുന്നത് ഡൽഹി നഗരത്തിൽനിന്നു തന്നെയുള്ള ഒരാളെക്കുറിച്ചാണ്, അദ്ദേഹത്തിന്റെ പേര് യോഗേഷ് സൈനി.
ഞാൻ അദ്ദേഹത്തെക്കുറിച്ചു കേട്ടിട്ടുണ്ട്. നമ്മുടെ സ്കൂളിനു തൊട്ടുമുമ്പുള്ള ഫ്ലൈ ഓവറിനു താഴെയുള്ള ഭിത്തിയിൽ അദ്ദേഹം വരച്ച ചുവർചിത്രങ്ങൾ ഉണ്ട്, ഞാൻ എന്നും കാണുന്നതാണ്.
അതു ശരിയാണ്, ഗൗരി. നമ്മുടെ നഗരത്തെ വൃത്തിയാക്കുകയും മനോഹരമാക്കുകയും ചെയ്യുന്ന ഒരു കലാകാരനാണ് അദ്ദേഹം. അദ്ദേഹത്തിന്റെ കഥ ഞാൻ പറയാം.
ഏതാണ്ട് 20 വർഷം അമേരിക്കൻ ഐക്യനാടുകളിൽ ജീവിച്ചതിനു ശേഷം, യോഗേഷ് ഇന്ത്യയിലേക്കു തിരിച്ചെത്തി. ഒരു ദിവസം അദ്ദേഹം ലോദി ഗാർഡൻസിലൂടെ നടക്കുകയായിരുന്നു —
നമുക്ക് ഇതുപോലുള്ള മനോഹരമായ പൊതുസ്ഥലങ്ങളുണ്ട്. പക്ഷേ, അവയ്ക്കൊന്നും നിറപ്പകിട്ടില്ല. ലോകം കൂടുതൽ തിളക്കമുള്ളതും വർണാഭവും ആയിരുന്നെങ്കിൽ എന്ന് ഞാൻ ആശിച്ചുപോകുന്നു!
ശരിയാണല്ലോ....ഒരു തുടക്കമെന്ന നിലയിൽ എന്റെ നഗരത്തെ നിറപ്പകിട്ടുള്ളതാക്കിയാലോ? ഈ ചപ്പുചവറു പാത്രങ്ങളിൽനിന്നു തന്നെ തുടങ്ങാം. ഒരു ചെറിയ പരിപാടി സംഘടിപ്പിച്ചാൽ മറ്റാളുകളും എന്നോടൊപ്പം ചേർന്നേക്കും.
അടുത്ത ഏതാനു ദിവസങ്ങൾക്കുള്ളിൽ, ന്യൂഡൽഹി മുനിസിപ്പൽ കോർപ്പറേഷനിൽനിന്ന് യോഗേഷിന് അനുവാദം കിട്ടി. അദ്ദേഹം സ്ട്രീറ്റ് ആർട്ട് സാറ്റർഡേ എന്നൊരു പരിപാടിയും സംഘടിപ്പിച്ചു. പക്ഷേ —
നമ്മൾ രണ്ടുപേർ മാത്രമേ ഉള്ളൂ എന്നു തോന്നുന്നു, നമുക്കു തുടങ്ങാം.


ഏതാനും മണിക്കൂറുകൾക്കു ശേഷം —
മനോഹരമായിരിക്കുന്നു! ഇവ ചപ്പുചവറുകൾ ഇടുന്ന പാത്രങ്ങൾ ആയിരുന്നെന്നു വിശ്വസിക്കാനാകുന്നില്ല.
നമുക്കു വേണമെങ്കിൽ എന്തിനെയും ഒരു കാൻവാസ് ആക്കി മാറ്റാം!
ഞങ്ങളും കൂടട്ടേ? ഞങ്ങൾക്കും ചിത്രകല ഇഷ്ടമാണ്!
ART
രണ്ടുപേർ മാത്രമായി തുടങ്ങി, അതു പിന്നെ നാലായി, എട്ടായി...എണ്ണം കൂടിക്കൂടി വന്നു.
ആ ഗ്രൂപ്പിന് യോഗേഷ്, ഡൽഹി സ്ട്രീറ്റ് ആർട്ട് എന്നു പേരിട്ടു. അവർ നഗരത്തിലുള്ള ചെറിയ പൊതുവസ്തുക്കൾ അലങ്കരിക്കാൻ തുടങ്ങി. ഒരു ദിവസം —
ഭിത്തികളിൽ ചിത്രങ്ങൾ വരച്ചു തുടങ്ങുന്നതു നല്ലതാണെന്നു തോന്നുന്നു.
കൂടുതൽ കലാകാരന്മാർ നമ്മോടൊപ്പം വരാമെന്നു സമ്മതിച്ചിട്ടുണ്ട്. നമുക്കു രാജേന്ദ്രനഗർ ചേരിയിൽനിന്നു തുടങ്ങാം.
അവിടം മുഴുവൻ മാലിന്യമാണ്!
എന്നാൽ നമുക്ക് ആദ്യം അവിടംതന്നെ വൃത്തിയാക്കാം.
അടുത്ത ദിവസം —
നിങ്ങൾ എന്താണു ചെയ്യുന്നത്?
സുഹൃത്തേ, പേടിക്കേണ്ട. ഞങ്ങൾ നിങ്ങളുടെ ഷോപ്പിനും ഇവിടെയുള്ള വീടുകൾക്കും മോടികൂട്ടാൻ വന്നതാണ്.
ഏതാനും ദിവസങ്ങൾക്കു ശേഷം —
ഇപ്പോൾ, ഇവിടം കാണാൻ നല്ല ഭംഗിയായില്ലേ?
ശരിക്കും. ഞങ്ങളുടെ വീടുകളൊക്കെ കാണാൻ ഇപ്പോൾ നല്ല ഭംഗിയുണ്ട്.


ചുവർചിത്രങ്ങളുടെ എണ്ണം കൂടുന്നതുസരിച്ച്, ഡൽഹി സ്ട്രീറ്റ് ആർട്ടും പ്രശസ്തമായിത്തീർന്നു.
ഇനി, ഗാന്ധിജിയുടെ ഒരു ചുവർചിത്രം വരയ്ക്കണമെന്നാണ് എന്റെ ആഗ്രഹം.
അങ്ങനെ തന്നെ അദ്ദേഹം ചെയ്തു. നഗരവാസികൾക്ക് യോഗേഷിന്റെ കരവിരുതിൽ വിരിഞ്ഞ രാഷ്ട്രപിതാവിന്റെ വിശിഷ്ടമായ ചുവർചിത്രങ്ങൾ കാണാൻ കഴിഞ്ഞു.
ഒരു ദിവസം —
ഒരു സന്തോഷവാർത്തയുണ്ട്. ബാംഗ്ലൂരിലുള്ള ഒരു വലിയ സ്കൂൾ മോടിപിടിപ്പിക്കാൻ നമ്മളെ ക്ഷണിച്ചിരിക്കുന്നു
അതു കൊള്ളാമല്ലോ. അവിടെ നമുക്ക് പൊതുസ്ഥലങ്ങളിലുള്ള ഭിത്തികളും കൂടി മനോഹരമാക്കണം
അവർക്ക് കൂടുതൽ പ്രോജകറ്റുകൾ കിട്ടിത്തുടങ്ങി, വലിയൊരു സംരംഭമായിത്തീർന്നു. കഴിഞ്ഞ ഒമ്പതു വർഷംകൊണ്ട് അവർ 20-ഓളം നഗരങ്ങളിലെ ചേരികൾ, ജയിലുകൾ, തെരുവുകൾ, റെയിൽവേ സ്റ്റേഷനുകൾ, സ്കൂളുകൾ, നിരവധി പൊതു,സ്വകാര്യ സ്ഥലങ്ങൾ എന്നിവ മനോഹരമാക്കിയിരിക്കുന്നു.
നമ്മുടെ ചെറിയ ഈ കൂട്ടം ഇത്രയധികം നഗരങ്ങളിൽ മാറ്റങ്ങൾ ഉണ്ടാക്കി എന്നതു വിശ്വസിക്കാൻ കഴിയുന്നില്ല.
ഓരോ വ്യക്തിയും തനതു സംഭാവന നൽകിയാൽ, നമ്മുടെ രാജ്യമാകെ മാറും.




* ഗുജറാത്തിലെ ഭുജ്-ന് അടുത്തുള്ള ഒരു ഗ്രാമം.
^2001-ൽ ഗുജറാത്തിലുണ്ടായ ഭൂമികുലുക്കം.


അങ്ങനെയാകട്ടെ, നമുക്കു പറ്റിയ ഒരു സ്ഥലം ഞാൻ അന്വേഷിക്കാം.
തന്റെ ഗോത്രത്തിന്റെ ആവശ്യങ്ങൾക്ക് ഇണങ്ങുന്ന ഒരു നല്ല സ്ഥലം ഭുജ്-ന് അടുത്ത് ഇസ്മയിൽ കണ്ടെത്തി. ആ ഗ്രാമം പിന്നീട് അജ്രാഖ്പൂർ എന്ന് അറിയപ്പെട്ടു.
നമ്മുടെ കല ഇവിടെ പുഷ്കലമാകും.
അവരുടെ പുതിയ തുടക്കം ഫലപ്രദമായിരുന്നു....
..... പക്ഷേ, പെട്ടെന്നുതന്നെ, പുതിയ പ്രശ്നങ്ങൾ ഉടലെടുത്തു.
ഇന്ന് നിങ്ങളുടെ അച്ഛനെവിടെ പോയി?
അബ്ബാ വീട്ടിലുണ്ട്. ഇന്നലെ ജോലി കഴിഞ്ഞതു മുതൽ ശ്വാസം മുട്ടൽ തുടങ്ങി.
രാസവസ്തുക്കൾകൊണ്ട് ഉണ്ടാക്കിയ ചായങ്ങൾ തൊഴിലാളികൾക്ക് അലർജികളും ആസ്ത്മയും ഉണ്ടാകാൻ ഇടയാക്കുകയാണ്. അവയ്ക്കു പകരം എന്താണ് ഉപയോഗിക്കാൻ കഴിയുക?


അതിനുള്ള ഉത്തരം പ്രകൃതിയിലാണ് ഉണ്ടായിരുന്നത്. ഖത്രികൾ സ്വാഭാവിക ചായങ്ങൾ ഉപയോഗിക്കാൻ തുടങ്ങി.
ഈ ചുവപ്പു നിറത്തിന് എന്തൊരു തിളക്കം!
അത് ഒരു ചെടിയുടെ വേരിൽനിന്നാണ് ഉണ്ടാകുന്നത്, അത് നിന്റെ കൈയ്ക്ക് ഒരു കുഴപ്പവും ഉണ്ടാക്കില്ല.
അങ്ങനെ, ഒരു വ്യക്തിയും അയാളുടെ ഗോത്രവും ചേർന്ന് അജ്രാഖ് ചായംകൊടുക്കൽ എന്ന കല പുനർജ്ജീവിപ്പിച്ചു.
ഇന്ന് അജ്രാഖിന് ആവശ്യക്കാരേറെയാണ്. പണിക്കാർ വ്യത്യസ്ത തരം തുണികളും ആധുനിക ശൈലികളും പരീക്ഷിക്കുന്നു
ഈ കലാരൂപം പുനർജ്ജീവിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തതിന്, ലീസസ്റ്ററിലെ ഡി മോണ്ട്ഫോർട്ട് സർവകലാശാല, 2003-ൽ ഹോണററി ഡോക്ടറേറ്റ് ഡിഗ്രി നൽകി ഇസ്മയിൽ ഖാനെ ആദരിച്ചു.
അദ്ദേഹത്തിന്റെ സംഭാവനകൾക്ക് നാഷണൽ മെറിറ്റ് സർട്ടിഫിക്കറ്റും യുനെസ്കോ സീൽ ഓഫ് എക്സലൻസും ലഭിച്ചു
ഇസ്മയിൽ ഖാന്റെ മക്കളും കൊച്ചുമക്കളും ഉൾപ്പെടെ പതിനൊന്നു തലമുറകളായി അദ്ദേഹത്തിന്റെ കുടുംബം അജ്രാഖ് ചായംകൊടുക്കലിന്റെ പാരമ്പര്യം തുടർന്നുപോരുന്നു


രാജു
നായർ സാറും അദ്ദേഹത്തിന്റെ വിദ്യാർഥികളും ട്രക്കിംഗിനു പോകുകയായിരുന്നു.
കാലു വേദനിക്കുന്നു, സാർ. നടക്കാൻ പറ്റുന്നില്ല.
ശ്രേയസ്സ്, ഒന്നു വേഗം നടന്നേ, നിനക്ക് മലമുകളിൽ എത്തിയിട്ട് ഉച്ചഭക്ഷണം കഴിക്കണ്ടേ?
ശരിക്കും എന്റെ കാലുകൾ ഞാൻ പറയുന്നതു കേൾക്കുന്നില്ല.
നിങ്ങൾ അല്പം വിശ്രമിച്ചോളൂ, ആ സമയംകൊണ്ട് പത്താൻകോട്ടുനിന്നുള്ള* രാജു എന്ന കുട്ടിയുടെ കഥ ഞാൻ പറയാം.
ശൈശവത്തിൽതന്നെ രാജുവിന് പോളിയോ ബാധിച്ചു.
പാവം കുട്ടി! അവന് ഒരിക്കലും നടക്കാൻ പറ്റില്ലല്ലോ.
നമ്മുടെ കഴിവിന്റെ പരമാവധി അവനെ നമുക്കു പരിപാലിക്കാം.
രാജുവിന് രണ്ടു മൂത്ത സഹോദരന്മാർ ഉണ്ടായിരുന്നു.
സങ്കടകരമെന്നു പറയട്ടെ, 10 വയസ്സുള്ളപ്പോൾ അവന്റെ മാതാപിതാക്കൾ മരിച്ചുപോയി.
രാജു, നിന്റെ കാര്യം ഇനി നീ തന്നെ നോക്കണം, ഞങ്ങൾ ജോലിക്കു പോകുകയാണ്.
ഞാൻ ഒന്നിനും കൊള്ളാത്തവനായിപ്പോയല്ലോ. എന്തെങ്കിലും ഒരു ജോലി കിട്ടിയിരുന്നെങ്കിൽ!
അതിനാൽ -
ദയവു കാണിക്കണം സാർ, ഞാൻ മേശ തുടയ്ക്കുകയും തറ വൃത്തിയാക്കുകയും ചെയ്യാം. ഞാൻ ശരിക്കും പണിയെടുത്തോളാം, സാർ.
ഇല്ലില്ല, നിനക്കു നേരെ നടക്കാൻ പോലും പറ്റില്ല, നീ ഒരു ബാധ്യതയാകും.

*പഞ്ചാബിലെ ഒരു നഗരം


നിരാശനായി, ഗത്യന്തരമില്ലാതെ രാജു ഭിക്ഷ യാചിക്കാൻ നിർബന്ധിതനായി.
എന്റെ സഹോദരന്മാർക്ക് അവരുടെ കുടുംബങ്ങളുണ്ട്, ഞാൻ അവർക്കൊരു ബാധ്യതയാകരുത്. ജീവിതത്തിൽ ഞാൻ തോൽക്കാൻ പാടില്ല.
സാഹിബ്, എനിക്ക് ഒരു രൂപ തരാമോ?
ഇതാ.
രാജു ധംഗു റോഡിൽ ദിവസങ്ങളായി ഭിക്ഷ യാചിച്ചുകൊണ്ടിരുന്നു. ആളുകൾ അവനെ ശ്രദ്ധിക്കാൻ തുടങ്ങി, സദ്സ്വഭാവിയായ ആ ചെറുപ്പക്കാരനോട് അവർ ഏറെ ഔദാര്യം കാണിച്ചു.
എനിക്ക് ഒരു ദിവസം കുറഞ്ഞത് 500 മുതൽ 700 രൂപ വരെ കിട്ടുന്നുണ്ട്. എനിക്കാണെങ്കിൽ 200 രൂപയുടെ ആവശ്യമേയുള്ളൂ. ബാക്കി വരുന്നതു സൂക്ഷിച്ചുവെച്ച് മറ്റുള്ളവരെ സഹായിക്കാം.
സഹായം ആവശ്യമുള്ളവരെ സഹായിക്കാനുള്ള രാജുവിന്റെ ഉദ്യമം അങ്ങനെ ആരംഭിച്ചു.
സഹോദരാ, ദരിദ്രരായ മാതാപിതാക്കളുടെ പെൺമക്കളെ വിവാഹം കഴിപ്പിക്കാൻ നിങ്ങൾ സഹായിക്കുമെന്നു കേട്ടു. ഞങ്ങളെയും കൂടെ സഹായിക്കാമോ?
നിങ്ങളുടെ ആവശ്യങ്ങൾ പറയൂ. നിങ്ങളുടെ മകൾക്ക് ഒരു നല്ല കുടുംബജീവിതം ഉണ്ടാകാൻ എന്നാലാവുന്നതെല്ലാം ഞാൻ ചെയ്യാം.
രാജു ആ കുടുംബത്തിന് 1100 രൂപയും 50 കിലോ അരിയും ഒരു സീലിംഗ് ഫാനും കൊടുത്തു.


വിവാഹങ്ങൾക്കുവേണ്ടി മാത്രമല്ല രാജു സഹായം ചെയ്തത്, കോവിഡ് കാലത്ത് 2500 മാസ്ക് വിതരണം ചെയ്തു.
മാസ്കില്ലാതെ പോകരുതേ, ഇതാ, ഒരെണ്ണം എടുത്തോളൂ, വെറുതെ രോഗം വരുത്തിവെക്കേണ്ട.
നന്ദി, രാജൂ.


ധംഗു റോഡിലെ പാലം തകർന്നപ്പോൾ രാജു അതിന്റെ അറ്റകുറ്റപ്പണി ചെയ്യിച്ചു.
ഈ പാലത്തിന്റെ അറ്റകുറ്റപ്പണിക്കുവേണ്ടി തന്റെ സമ്പാദ്യത്തിൽനിന്ന് 30,000 രൂപ സംഭാവന ചെയ്ത രാജുവിനോട് നമ്മൾ കടപ്പെട്ടിരിക്കുന്നു.


പ്രധാനമന്ത്രി നരേന്ദ്ര മോദി തന്റെ റേഡിയോ പ്രക്ഷേപണത്തിലൂടെ രാജുവിനെക്കുറിച്ച് സംസാരിച്ചതിനെത്തുടർന്ന് രാജുവിന് സന്ദർശകരുടെ ഒഴുക്കായിരുന്നു.
രാജൂ, നീ ഞങ്ങൾക്കൊരു പ്രചോദനമാണ്.
ഇത്രയധികം ഞങ്ങളെ സഹായിക്കുന്നതിന് ഞങ്ങൾ എന്നും നിന്നോടു കടപ്പെട്ടിരിക്കും.


നമുക്കെല്ലാം അതു ചെയ്യാൻ കഴിയും. കുറച്ചു പരിശ്രമവും ഒരല്പം അനുകമ്പയും ഉണ്ടെങ്കിൽ നമുക്കു വലിയ കാര്യങ്ങൾ ചെയ്യാനാകും.




*ഗവൺമെന്റ് ഇതര സംഘടന




*മിസോറാമിന്റെ തലസ്ഥാനം, ഇന്ത്യയിൽ സാക്ഷരതയിൽ ഒന്നാം സ്ഥാനത്തുള്ള നഗരം


മീണ, ആരെങ്കിലും പുസ്തകങ്ങൾ തിരികെ കൊണ്ടുവന്നില്ലെങ്കിലോ?
അതു കുഴപ്പമില്ല. അത് അവർക്കു ഗുണം ചെയ്യുമല്ലോ, അതിനല്ലേ നമ്മളിതു തുടങ്ങിയത്?
അതൊരു ദയാപൂർവമായ ചിന്തയാണ്.
മീണയുടെയും ദേവാങ്ങിന്റെയും സംരംഭത്തിന് പ്രദേശവാസികളിൽ പലരുടെയും പിന്തുണ കിട്ടി.
മീണ, ഇതാ എന്റെ കുട്ടികളുടെ ചില പഴയ പുസ്തകങ്ങൾ. അവ ലൈബ്രറിയിലേക്കു സംഭാവന ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു.
നന്ദി, സാർ.
ലൈബ്രറിയിലേക്കു കൂടുതൽ പുസ്തകങ്ങൾ വാങ്ങാനാവശ്യമായ പണവും അവർക്കു കിട്ടി.
വായനാ സംസ്കാരം ആളുകളുടെയിടയിൽ സാക്ഷരത ഉന്നമിപ്പിക്കുമെന്നും മെച്ചമായി പ്രയത്നിക്കാൻ വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കുമെന്നും മീണ വിശ്വസിക്കുന്നു
പ്രിയപ്പെട്ട അരുണാചൽ, ദയവായി ഇതെക്കുറിച്ചു ചിന്തിക്കൂ! ഗവൺമെന്റ് മാത്രമല്ല ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യേണ്ടത്. വ്യക്തികളെന്ന നിലയിലും ഈ സംസ്ഥാനത്തെ പൗരന്മാരെന്ന നിലയിലും നമ്മൾ പിന്നാക്കം പോയതിന്റെ കാരണം നാം മനസ്സിലാക്കണം. അതുകൊണ്ട് പരസ്പരം പഴിചാരുന്നതു നിർത്തി, നമുക്കു പ്രവർത്തിക്കാം.
0:35/4:13
സംസ്ഥാനത്തുടനീളം കൂടുതൽ ലൈബ്രറികൾ നിർമിക്കാനാകുമെന്ന് മീണ പ്രത്യാശിക്കുന്നു. അവരുടെ ഈ ചുവടുവെപ്പ് രാജ്യത്തുടനീളം പലർക്കും പ്രചോദനമായിത്തീർന്നിരിക്കുന്നു.

# പൊൻ മാരിയപ്പൻ



സുജിത്, നിന്റെ പുതിയ ഹെയർ കട്ട് വളരെ സ്മാർട്ട് ആയിട്ടുണ്ട്.
ഹ ഹ! ഇതാണു സാർ ഏറ്റവും പുതിയ സ്റ്റൈൽ.
സുജിത് സിനിമാതാരത്തെപ്പോലെ ആകാനുള്ള ശ്രമത്തിലാണ്, സാർ!
നീ പൊൻ മാരിയപ്പന്റെ ബാർബർ ഷോപ്പിൽ പോയിരുന്നെങ്കിൽ, അവൻ നിന്റെ മുടി നന്നായി മുറിച്ചേനെ, ഒപ്പം കുറെ പുസ്തകങ്ങളും തരുമായിരുന്നു. പ്രധാനമന്ത്രി തന്റെ റേഡിയോ ഷോയിൽ പൊൻ മാരിയന്റെ കഥ പറഞ്ഞതോടെ അദ്ദേഹം പ്രശസ്തനായിത്തീർന്നിട്ടുണ്ട്.
തമിഴ്നാട്ടിലെ തൂത്തുക്കുടി പട്ടണമാണ് പൊൻ മാരിയപ്പന്റെ നാട്. അവൻ എട്ടാം ക്ലാസ്സിൽ പഠിക്കുന്ന കാലത്ത് —
മോനേ, നീയും കൂടെ എന്തെങ്കിലും സമ്പാദിച്ചേ പറ്റൂ. എന്നെക്കൊണ്ടുമാത്രം കുടുംബം പോറ്റാൻ കഴിയുന്നില്ല.
ഞാൻ അങ്ങനെ ചെയ്യാം. അപ്പാ വിഷമിക്കേണ്ട.
ഞാൻ പുസ്തകങ്ങളെ സ്നേഹിക്കുന്നു, പഠിക്കാൻ എനിക്ക് ഇഷ്ടമാണ്. പക്ഷേ, എനിക്ക് അപ്പായെ സഹായിച്ചേ പറ്റൂ.
പൊൻ മാരിയപ്പൻ ഒരു ബാർബർ ഷോപ്പ് തുടങ്ങി, പണമൊക്കെ സമ്പാദിച്ചുതുടങ്ങി.
എന്റെ ജീവിതത്തിൽ എന്തോ കുറവുണ്ടെന്നൊരു തോന്നൽ! എന്റെ സലൂൺ ആളുകൾക്ക് മുടി മുറിക്കാനുള്ള ഒരു സ്ഥലം മാത്രം ആയാൽപ്പോരാ.




* തിരുവള്ളുവർ എഴുതിയ ഇതിഹാസകൃതി

# കൽമാനെ കാമെഗൗഡ



സ്കൂളിൽ അത് വിശ്രമ സമയമായിരുന്നു.
ലക്ഷ്മീ, നീയെന്താ ചെയ്യുന്നത്?
ഇത് ആ കുരുവികൾക്കു വേണ്ടിയാ, ഈ ചൂടു കാരണം അവയ്ക്കു ദാഹിക്കുന്നുണ്ടാകും.
പരുൽ അവളെ സഹായിക്കാൻ തീരുമാനിച്ചു. താമസിയാതെ, ഒരു കൂട്ടം വിദ്യാർഥികൾ തങ്ങളുടെ പാത്രങ്ങളിൽ വെള്ളം പിടിച്ച് അവിടവിടെ വെച്ചുതുടങ്ങി.
നിങ്ങളെന്താ ചെയ്യുന്നത്?
ഞങ്ങൾ പക്ഷികൾക്കും മൃഗങ്ങൾക്കും വേണ്ടി വെള്ളം വെച്ചുകൊടുക്കുകയാണു സാർ.
ഈ ചൂടിൽ അവയ്ക്ക് ശരിക്കും ദാഹിക്കുന്നതുപോലെ തോന്നി. സഹായിക്കാമെന്നു ഞാൻ വിചാരിച്ചു. അവയ്ക്കു വേണ്ടി വേറൊന്നും ചെയ്യാനില്ലല്ലോ.
നിങ്ങൾ ചെയ്തത് വളരെ നന്നായി, ലക്ഷ്മീ. എന്നാൽ, മനുഷ്യർ ആഗ്രഹിക്കുന്നെങ്കിൽ മറ്റു ജീവികൾക്കുവേണ്ടി ഏറെ കാര്യങ്ങൾ ചെയ്യാനാകും. എല്ലാവരും വന്നിരിക്കൂ, മൻ കീ ബാത്തിൽ നമ്മുടെ പ്രധാനമന്ത്രി പ്രശംസിച്ച കാമെഗൗഡയുടെ കഥ ഞാൻ പറയാം.
കർണാടകയിൽ മാണ്ഡ്യ ജില്ലയിലുള്ള ദസനദൊഡ്ഢി ഗ്രാമത്തിലെ ഒരു ആട്ടിടയനായിരുന്നു കൽമാനെ കാമെഗൗഡ.
ർ.... ർ...ശാന്തേ, വേഗം വന്നേ, നീ പതിവുപോലെ പുറകിൽത്തന്നെ.


സമീപത്തുള്ള കുന്ദുരു ബെട്ട മലയിൽ ആടുകളെ മേയ്ച്ചുകൊണ്ട് ദിവസത്തിന്റെ ഭൂരിഭാഗവും ചെലവഴിക്കുകയായിരുന്നു, അവൻ. ഒരു ദിവസം —
എന്തൊരു ചൂട്, ഈ മലയിലെങ്ങും ഒരു തുള്ളി വെള്ളം പോലും ഇല്ല.
അപ്പോഴാണ് —
നിങ്ങൾക്കു നല്ല ക്ഷീണമുണ്ടല്ലോ. നിങ്ങൾക്കും എന്നെപ്പോലെ ദാഹിക്കുന്നുണ്ടോ? എനിക്ക് ആടുകളെയും കൊണ്ട് ഗ്രാമത്തിൽ പോയി വെള്ളം കുടിക്കാം. പക്ഷേ, പാവങ്ങളായ നിങ്ങളെന്തു ചെയ്യും?
ആ ചിന്ത ദിവസങ്ങളോളം കാമെഗൗഡയെ മഥിച്ചു. ഒരു ദിവസം –
ഞാൻ ഇവിടെ വലിയൊരു കുഴിയുണ്ടാക്കി അതിൽ മൃഗങ്ങൾക്കും പക്ഷികൾക്കും വേണ്ടി വെള്ളം നിറയ്ക്കാൻ പോകുകയാണ്.
എത്ര കുഴികളിൽ വെള്ളം നിറച്ചിട്ടും ഫലമുണ്ടായില്ല, ഏതാനും മണിക്കൂറുകൾക്കുള്ളിൽ വെള്ളം ബാഷ്പീകരിച്ചു പോകുകയോ അല്ലെങ്കിൽ ഭൂമിക്കടിയിലേക്കു വലിയുകയോ ചെയ്തു.
ഏറെ നേരത്തെ ചിന്തയ്ക്കു ശേഷം —
കമലാ, എന്നോടു ക്ഷമിക്കണം, നിന്നെയും മറ്റുള്ളവരെയും വിറ്റാൽ മാത്രമേ ഒരു കുളം കുഴിക്കാനുള്ള ഉപകരണങ്ങൾ വാങ്ങാൻ പറ്റൂ. നിങ്ങളെയും മറ്റു മൃഗങ്ങളെയും സഹായിക്കാൻ വേറെ മാർഗമില്ല.
താമസിയാതെ, ഈർപ്പത്തിന്റെ അളവ് കൂടുതലുള്ള ഒരു സ്ഥലം കണ്ടെത്തി കുഴിച്ചുതുടങ്ങി. പക്ഷേ —
ഇപ്പോൾ പതിനഞ്ചു ദിവസമായി, ഇനി കൂടുതൽ ആഴത്തിൽ കുഴിക്കാൻ എനിക്കു പറ്റില്ല. കൂടുതൽ ആടുകളെ വിറ്റ് ഒരു ജെ സി ബി വാടകയ്ക്കെടുക്കേണ്ടിയിരിക്കുന്നു. അതു മാത്രമാണ് മുമ്പോട്ടുള്ള വഴി.


മാസങ്ങളോളമുള്ള കഠിനാധ്വാനത്തിനു ശേഷം, –
ഇനി മൺസൂണിനു വേണ്ടി കാത്തിരിക്കുക മാത്രമേ എനിക്കു ചെയ്യാനുള്ളൂ. മഴദൈവങ്ങൾ കനിഞ്ഞാൽ, ഈ കുളം നിറയെ വെള്ളം കിട്ടും.
പെട്ടെന്നുതന്നെ —
കണ്ണുകളെ വിശ്വസിക്കാനാകുന്നില്ല! വന്നു കുടിച്ചോളൂ, അരുമ ജീവികളേ, ഇതു മുഴുവൻ നിങ്ങൾക്കുള്ളതാണ്!
കന്നുകാലികൾ, ആടുകൾ, എന്തിന് വന്യമൃഗങ്ങൾ പോലും കുളത്തിൽനിന്നു വെള്ളം കുടിക്കാൻ തുടങ്ങി.
ഇതൊരു തുടക്കം മാത്രമായിരുന്നു. പിന്നീടുള്ള 40 വർഷം കൊണ്ട് കാമെഗൗഡ 15 ലക്ഷത്തിലധികം ചെലവിട്ട് 16 കുളങ്ങൾ നിർമിച്ചു. കർണാടകയുടെ 'പോണ്ട് മാൻ' എന്ന പേരിൽ അദ്ദേഹം പ്രശസ്തി നേടി. ഒരു ദിവസം –
ഞാൻ, നിങ്ങളുടെ കഥ കേൾക്കാൻ വന്ന ഒരു റിപ്പോർട്ടറാണ്. ഈ കുളങ്ങളുടെ പ്രത്യേകത എന്താണെന്നു പറയാമോ?
വെള്ളം കുന്നിന്മുകളിൽ നിന്നൊഴുകി കുളത്തിൽ നിറയുന്നു. ഒരു കുളം നിറഞ്ഞാൽ, അടുത്തതിലേക്ക് ഒഴുകുന്നു. കുളങ്ങളെ പരസ്പരം ബന്ധിപ്പിച്ചിരിക്കുന്നു, അതുകൊണ്ട് അവ വേനലിലും വറ്റില്ല.
കുളങ്ങൾ കുഴിക്കുന്നതിനു പുറമേ, കാമെഗൗഡ ആയിരക്കണക്കിനു വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും അരയാൽത്തോപ്പ് ഉണ്ടാക്കുകയും ചെയ്തുകൊണ്ട് ഈ കുന്നിൻപുറം മാറ്റിമറിച്ചിരിക്കുന്നു.
അദ്ദേഹത്തിന്റെ ഭഗീരഥ പ്രയത്നത്തിന് നിരവധി അവാർഡുകൾ അദ്ദേഹത്തെ തേടിയെത്തി. ബസവനശ്രീ അവാർഡ്, കർണാടക രാജ്യോത്സവ അവാർഡ് എന്നിവ അവയിൽ പെടുന്നു.
അവാർഡു തുക ഉപയോഗിച്ച് എനിക്ക് കൂടുതൽ കുളങ്ങൾ നിർമിക്കുകയും വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും ചെയ്യാം.
2022 ഒക്ടോബറിൽ 84 വയസ്സിൽ മരിക്കുന്നതുവരെയും കാമെഗൗഡ കുളങ്ങൾ നിർമിച്ചുകൊണ്ടിരുന്നു. മാണ്ഡ്യയിലെ ഒരു ചെറിയ ഗ്രാമത്തിൽനിന്നുള്ള ഈ മനുഷ്യന്റെ കഥ പ്രകൃതി സംരക്ഷണ പ്രവർത്തകർക്ക് ഒരു പ്രചോദനമായിത്തീർന്നിരിക്കുന്നു.




*ഹിമാചൽ പ്രദേശിലെ പ്രസിദ്ധമായ ഒരു തടാകം

^ഹിമാചൽ പ്രദേശിലും സമീപപ്രദേശങ്ങളിലുമായി കഴിയുന്നഅർധ-ഇടയ ഗോത്രം.




*മണാലിയിലെ പ്രസിദ്ധമായ ഒരു വെള്ളച്ചാട്ടം


മനസ്സു മടുപ്പിക്കുന്ന ദിവസങ്ങൾ ഉണ്ടായിട്ടുണ്ട്...
ഹിമാലയം വൃത്തിയാക്കാൻ ജീവിതകാലം മുഴുവൻ വേണ്ടിവരും.
പക്ഷേ, പ്രദീപും സംഘവും ശ്രമം ഉപേക്ഷിക്കാൻ തയ്യാറായില്ല.
നമ്മൾ ഒരുമയോടെ പ്രവർത്തിക്കുമ്പോൾ, അങ്ങകലെ പ്രത്യാശയുടെ നുറുങ്ങുവെട്ടം എനിക്കു കാണാനാകുന്നുണ്ട്.
പ്രദീപ്, ഞാൻ മറ്റൊരു സഞ്ചി എടുക്കാം.
പ്രദേശവാസികളുടെ സഹായത്തോടെ, ഹിമാലയപ്രദേശത്ത് അവർ മാലിന്യ നിക്ഷേപ കേന്ദ്രങ്ങൾ സ്ഥാപിച്ചു.
ഈ പ്രദേശങ്ങൾ മാലിന്യം നിക്ഷേപിക്കാൻ സുരക്ഷിതമാണെന്നു മാത്രമല്ല, പ്രദേശവാസികൾക്ക് ഒരു തൊഴിലും ആകും.
അത്തരം കൂടുതൽ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ പ്രദീപിന് പദ്ധതിയുണ്ടായിരുന്നു.
നാളിതുവരെ ഹീലിംഗ് ഹിമാലയാസ് സംഘടന ആയിരക്കണക്കിന് വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും 8, 00, 000 കിലോഗ്രാം മണ്ണിൽ ലയിച്ചുചേരാത്ത മാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്.
ഈ യാത്ര തുടങ്ങിയതിൽപ്പിന്നെ, എനിക്കു തിരിഞ്ഞുനോക്കേണ്ടി വന്നിട്ടില്ല. ഇനിയും ഒരുപാടു ചെയ്യാനുണ്ട്, നമ്മൾ തുടങ്ങിയിട്ടേയുള്ളൂ.

# കാമ്യ കാർത്തികേയൻ




*മഹാരാഷ്ട്രയിലെ മുംബൈയ്ക്കടുത്തുള്ള സ്ഥലം.




*ഹിന്ദി ഭാഷയിൽ ധൈര്യം എന്ന് അർഥം.


2022 ആയപ്പോഴേക്കും കാമ്യ ഏഴിൽ അഞ്ച് കൊടുമുടികളും കീഴടക്കിക്കഴിഞ്ഞു.
TANZANIA
കിളിമഞ്ചാരോ കൊടുമുടി, ആഫ്രിക്കയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി
എൽബ്രസ് കൊടുമുടി, യൂറോപ്പിലെ ഏറ്റവും ഉയരമുള്ള കൊടുമുടി
കോസിയോസ്കോ, ഓസ്ട്രേലിയയിലെ ഏറ്റവും ഉയരമുള്ള കൊടുമുടി
ആക്കോൺകാഗ്വ കൊടുമുടി, തെക്കേ അമേരിക്കയിലെ ഏറ്റവും ഉയരമുള്ള കൊടുമുടി
ഡെനാലി കൊടുമുടി, വടക്കേ അമേരിക്കയിലെ ഏറ്റവും ഉയരമുള്ള കൊടുമുടി
ആക്കോൺകാഗ്വ കൊടുമുടി കയറുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയും എൽബ്രസ് കൊടുമുടിയിൽനിന്നു സ്കീയിംഗ് നടത്തുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയും കാമ്യയാണ്.
അവളുടെ അജയ്യമായ ത്വരയും എണ്ണമറ്റ നേട്ടങ്ങളും പരിഗണിച്ച് ഭാരത സർക്കാർ, പ്രധാൻമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാർ നൽകി അവളെ ആദരിച്ചു.
(NIC) BARAMULLA
പർവതങ്ങളോടുള്ള സ്നേഹം നിമിത്തം, ഒരു കുടുംബ വിനോദം എന്ന നിലയിൽ ആരംഭിച്ച ഒരു കാര്യം, കാമ്യ റെക്കോർഡുകൾ ഭേദിക്കുകയും ഏറ്റവും ഉയരമുള്ള കൊടുമുടികൾ കീഴടക്കുകയും ചെയ്യുന്നതിലൂടെ, ചരിത്രം സൃഷ്ടിക്കുന്നതിലേക്കു നയിച്ചു.

# അൻവി സൻസറുകിയ




*ശാരീരിക വളർച്ചയെയും ബുദ്ധിവികാസത്തെയും തടസ്സപ്പെടുത്തുന്ന ഒരു ജനിതകരോഗം

^ ഹൃദയത്തിന്റെ ഘടനയ്ക്ക് ജന്മനാ ഉള്ള വൈകല്യമാണ് കൺജെനിറ്റൽ ഹൃദയ വൈകല്യം


വളർന്നുവരവേ, അവളുടെ പ്രായത്തിലുള്ള കുട്ടികൾ നിസ്സാരമായി ചെയ്യുന്ന കാര്യങ്ങൾ പോലും അൻവിക്കു ബുദ്ധിമുട്ടായിരുന്നു.
എന്തെങ്കിലും ഒന്നു പറയൂ, മോളേ, നീ എപ്പോഴാ ഒന്നു സംസാരിക്കാൻ തുടങ്ങുന്നത്?
അൻവിക്ക് 10 വയസ്സായപ്പോഴേക്കും അത്ഭുതകരമായ ഒരു കാര്യം അവളുടെ മാതാപിതാക്കൾ ശ്രദ്ധിക്കാനിടയായി.
നിങ്ങൾ അതു കാണുന്നുണ്ടോ?
അതിശയകരമായിരിക്കുന്നു!
അവളുടെ ശരീരം എത്ര നന്നായി വഴങ്ങുന്നുണ്ടെന്നു നോക്കൂ! അവൾക്കു യോഗ പഠിക്കാൻ കഴിഞ്ഞേക്കും.
അതൊരു നല്ല ആശയമാണ്! അവളുടെ ആരോഗ്യത്തിനും അതു ഗുണം ചെയ്തേക്കും.
ആവണിയുടെ അഭ്യർഥന മാനിച്ച്, അൻവിയുടെ സ്കൂളിലെ യോഗ അധ്യാപിക നമ്രത, അവളെ പരിശീലിപ്പിച്ചുതുടങ്ങി.
സാവധാനം കുനിഞ്ഞ് പെരുവിരലുകളിൽ പിടിക്കൂ, മുട്ടുകൾ നിവർന്നുതന്നെ ഇരിക്കണം.


ഏതാനും ആഴ്ചകൾക്കു ശേഷം —
മോളുടെ കാര്യം എങ്ങനെ പോകുന്നു?
ചില ആസനങ്ങൾ അവൾക്കു ബുദ്ധിമുട്ടാണ്, പക്ഷേ, അവൾ നന്നായി പരിശ്രമിക്കുന്നുണ്ട്.
അൻവി എന്നും രാവിലെയും വൈകിട്ടും ഓരോ മണിക്കൂർ യോഗ പരിശീലിക്കാൻ തുടങ്ങി. ഒരു ദിവസം —
അമ്മേ..
ഒരു യോഗ മത്സരത്തിൽ അൻവി ഒന്നാം സ്ഥാനം നേടി.
കണ്ണുകളെ വിശ്വസിക്കാനാവുന്നില്ല! എനിക്കെന്തു സന്തോഷമായെന്നോ!
അടുത്ത മൂന്നു വർഷംകൊണ്ട് മൂന്നു സ്വർണവും രണ്ട് ഓടും ഉൾപ്പെടെ ദേശീയതല മത്സരങ്ങളിൽ അൻവി 51 മെഡലുകൾ നേടി. 2021 ഡിസംബറിൽ –
ഭിന്നശേഷിക്കാരിൽ ഏറ്റവും ക്രിയാത്മകതയുള്ള കുട്ടിക്കുള്ള ദേശീയ അവാർഡ് അൻവ സൻസറുകിയയ്ക്ക് സമ്മാനിക്കുന്നു
2022 ജനുവരിയിൽ, അൻവിക്ക് പ്രധാൻ മന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാർ ലഭിച്ചു. എന്നാൽ അവളുടെ സ്വപ്നം പൂവണിയാൻ ഏതാനും മാസം കൂടെ കാത്തിരിക്കേണ്ടിവന്നു, പ്രധാനമന്ത്രിയുമായുള്ള ഒരു കൂടിക്കാഴ്ചയ്ക്ക് അദ്ദേഹത്തിന്റെ ഓഫീസിൽനിന്ന് ക്ഷണം എത്തുന്നതുവരെ.
നീ ഇന്ത്യയുടെ അഭിമാനം ഉയർത്തി. നിനക്ക് ശോഭനമായൊരു ഭാവിയുണ്ട്.
അങ്ങേയ്ക്കു നന്ദി.
പ്രധാനമന്ത്രിയുടെ കൂടെ യോഗാസനങ്ങൾ ചെയ്യണമെന്നതാണ് ഇപ്പോൾ അവളുടെ ആഗ്രഹം.



# മൻ കീ ബാത്ത്

വാല്യം 1

പ്രധാനമന്ത്രി നരേന്ദ്ര മോദി, 2014 ഒക്ടോബർ 3-ാം തീയതി തന്റെ പ്രതിമാസ റേഡിയോ പരിപാടിയായ' മൻ കി ബാത്ത്' ആരംഭിക്കുമ്പോൾ, ജനങ്ങളുമായി നേരിട്ടു ബന്ധപ്പെടാനും മനസ്സിൽത്തട്ടിയ കാര്യങ്ങൾ അവരോടു പറയാനും ഉള്ള ഒരു വേദിയായിട്ടാണ് അതിനെ വിഭാവനം ചെയ്തിരുന്നത്.

ഭാരതത്തിനു വേണ്ടി, സാധാരണക്കാരായ ഭാരതീയർ ചെയ്തിട്ടുള്ള പ്രചോദനാത്മകമായ കാര്യങ്ങൾക്ക് ഊന്നൽ കൊടുക്കുന്ന ഈ പരിപാടിയുടെ 100-ാം എപ്പിസോഡ് 2023 മാർച്ച് മാസത്തിൽ അദ്ദേഹം അവതരിപ്പിച്ചു. വ്യക്തികളും സംഘടനകളും കൈവരിച്ചിട്ടുള്ള ശ്രദ്ധേയമായ നേട്ടങ്ങളെക്കുറിച്ചും ഈ പരിപാടിയിൽ അദ്ദേഹം സംസാരിക്കാറുണ്ട്. അവരിൽ പലരും ഭിന്നശേഷി, ദാരിദ്ര്യം, നിരുത്സാഹപ്പെടുത്തൽ എന്നിവയോടു പടവെട്ടി ഉയർന്നു വന്നവരാണ്. അവർ, തങ്ങളുടെ അഭിനിവേശം കൊണ്ടും ബോധ്യം കൊണ്ടും മറ്റുള്ളവരെ ചേർത്തുനിർത്തുകയും അസാധ്യമെന്നു തോന്നുന്ന കാര്യങ്ങൾ നേടിയെടുക്കാൻ മറ്റുള്ളവരെ പ്രചോദിപ്പിക്കുകയും ചെയ്തവരാണ്.

അമർ ചിത്രകഥയും സാംസ്കാരിക മന്ത്രാലയവും ചേർന്ന്, 'മൻ കീ ബാത്ത്'കഥകളിൽനിന്നു തിരഞ്ഞെടുത്ത കഥകളെ അടിസ്ഥാനപ്പെടുത്തിയുള്ള 12 കോമിക് പരമ്പരകളിൽ ആദ്യത്തേത് അവതരിപ്പിക്കുന്നു.



₹90

ISBN 978-81-19242-29-0

9 788119 242290